# Malayala Manorama
# 28 August 2018
# Kakkand; Flood, Mentel Health

## ദുരിതബാധിതരുടെ മാനസികാരോഗ്യം പരിപോഷിപ്പിക്കും

കാക്കനാട് ● വെള്ളപ്പൊക്ക ദുരിതബാധിതരുടെ മാനസികാരോഗ്യ പരിപോഷണത്തിനു ബെംഗളൂരുവിലെ നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസസിന്റെ സഹകരണത്തോടെ പദ്ധതി.

ജില്ലാ വനിതാ-ശിശു സംരക്ഷണ യൂണിറ്റിന്റെ മേൽനോട്ടത്തിലാണു പരിപാടി നടപ്പാക്കുന്നത്. കൗൺസലിങ്, സൈക്കോളജി, സോഷ്യൽവർക്ക്, ഡിസാസ്റ്റർ മാനേജ്മെന്റ് പ്രഫഷനലുകളായ 170 പേരെയാണ് ഇതിനായി രംഗത്തിറക്കുന്നത്. ഇവർക്കുള്ള പരിശീലനം ഇന്നലെ പൂർത്തിയായി. ഇന്നു മുതൽ ഇവർ ദുരിതാശ്വാസ ക്യാംപുകളിലും വീടുകളിലുമെത്തി ബോധവൽക്കരണം നടത്തും. വീടും സാമഗ്രികളും നഷ്ടമായ ദുരിതബാധിതർ മാനസികമായി തളരാതിരിക്കാനുള്ള മുൻകരുതൽ എന്ന നിലയിലാണു പരിപാടി. സ്ത്രീകൾക്കും കുട്ടികൾക്കുമാകും പ്രധാനമായും ബോധവൽക്കരണം.